ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഇതു സംബന്ധിച്ച് നൽകിയിട്ടുള്ള നിർദ്ദേശത്തിന്റെ പകർപ്പ് അനുബന്ധമായി വയ്ക്കുന്നു.*

വനിതാ ജീവനക്കാരുടെ ക്ഷേമത്തിനുവേണ്ടിയുള്ള പ്രവർത്തനം

24 (3762) ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഡി. സുഗതൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർവ്വീസിൽ എത്ര വനിതാ ജീവനക്കാരുണ്ട് ;

(ബി) ഇതിൽ ക്ലാസ് 1 സർവ്വീസിൽപ്പെട്ടവർ എത്രയാണ് ;

(സി) വനിതാ ജീവനക്കാരുടെ ക്ഷേമത്തിനു വേണ്ടി ഗവൺമെന്റ് എന്തെല്ലാം പരിപാടികൾ നടപ്പാക്കി വരുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലേക്ക് അപേക്ഷ നൽകുന്നതിന് ക്ലാസ്സ് 3, ക്ലാസ്സ് 4 ജീവനക്കാർക്കുള്ള ഇളവുകൾ

25 (3763) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സെക്രട്ടേറിയറ്റ്, പി.എസ്.സി. എന്നിവയിലേക്കുള്ള അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലേക്ക് അപേക്ഷ നൽകുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ക്ലാസ് 3, ക്ലാസ് 4 ജീവനക്കാർക്ക് എന്തെല്ലാം ഇളവുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

സംസ്ഥാന സർവ്വീസിൽ നാലുവർഷം പിന്നിട്ട ടൈപ്പിസ്റ്റുമാർക്കും ക്ലാർക്കുമാർക്കും ബിരുദയോഗ്യത ഇല്ലാതെതന്നെ രണ്ടാം ഗ്രേഡ് അസിസ്റ്റന്റ് ആയുള്ള തെരഞ്ഞെടുപ്പിന്, പി.എസ്.സി. നടത്തുന്ന മത്സരപ്പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്. ഇങ്ങനെ മത്സരിക്കുന്നവർക്ക് പി.എസ്.സി. അപേക്ഷ ക്ഷണിക്കുന്ന വർഷത്തിലെ ജൂലൈമാസം 1-ാം തീയതി 35 വയസ്സ് തികഞ്ഞിരിക്കേണ്ടതും, പട്ടികജാതി, പട്ടികവർഗ്ഗം, പിന്നോക്ക വിഭാഗം എന്നിവർക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ലഭ്യമായുള്ള ഇളവുകൾ അനുവദിക്കുന്നതുമാണ്. രണ്ടാംഗ്രേഡ് അസിസ്റ്റന്റായി നേരിട്ടുള്ള നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള വിദ്യാഭ്യാസയോഗ്യതയുള്ളവരും സംസ്ഥാന സർക്കാരിൻകീഴിലുള്ള ഏതെങ്കിലും സബോർഡിനേറ്റ് സർവ്വീസിൽ മൊത്തം നാലുവർഷം സർവ്വീസ് പൂർത്തിയാക്കിയവരുമായ ക്ലാർക്ക്/ടൈപ്പിസ്റ്റ് തുടങ്ങിയ സമാന തസ്തികകളിൽ ജോലി ചെയ്യുന്നവർ ഒഴികെയുള്ള താഴ്ന്ന വരുമാനക്കാരായ ജീവനക്കാർക്ക് രണ്ടാംഗ്രേഡ് അസിസ്റ്റന്റ് തസ്തികയിലുണ്ടാകുന്ന ഒഴിവുകളുടെ 2% മാറ്റി വച്ചിട്ടുണ്ട്. പി.എസ്.സി. നടത്തുന്ന മത്സരപരീക്ഷയിൽ 40% മാർക്ക് നേടുന്ന ഈ വിഭാഗത്തിൽപ്പെട്ടവരെ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലേക്ക് നിയമനത്തിനായി തെരഞ്ഞെടുക്കുന്നതാണ്.

സെക്രട്ടേറിയറ്റിൽ അറ്റൻഡർമാരായി പ്രൊമോഷൻ ലഭിക്കുന്നവർക്ക് അസിസ്റ്റന്റിന്റെ ശമ്പളം നൽകാൻ നടപടി

26 (3764). ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ലാസ്റ്റ് ഗ്രേഡിൽ നിന്നും അറ്റൻഡറായി പ്രമോഷൻ ലഭിക്കാൻ വേണ്ട യോഗ്യതകൾ എന്തെല്ലാമാണ് എന്ന് വിശദീകരിക്കാമോ ;

(ബി) എസ്.എസ്.എൽ.സി.പാസ്സായവരും, സെക്രട്ടേറിയറ്റിൽ മൂന്ന് വർഷത്തെ സർവ്വീസുമുള്ള എത്രപേരെ അറ്റൻഡറായി പ്രൊമോഷൻ നൽകി നിയമിച്ചിട്ടുണ്ട് ;

(സി) മറ്റ് പല ഗവൺമെന്റ് ഡിപ്പാർട്ടുമെന്റിലും താഴ്ന്ന ജീവനക്കാർക്ക് പ്രമോഷൻ നൽകി എൽ.ഡി.ക്ലാർക്കിന്റെ ശമ്പള സ്കെയിലിൽ ക്ലറിക്കൽ അറ്റൻഡറായി നിയമനം കിട്ടുമ്പോൾ സെക്രട്ടേറിയറ്റിലും അറ്റൻഡറായി പ്രമോഷൻ ലഭിക്കുന്നവർക്ക് അസിസ്റ്റന്റ് ഗ്രേഡിന്റെ ശമ്പള സ്കെയിൽ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ലാസ്റ്റ്ഗ്രേഡിൽ നിന്നും അറ്റൻഡറായി പ്രൊമോഷൻ ലഭിക്കാൻ താഴെ പറയുന്ന യോഗ്യതകൾ ആവശ്യമാണ്.

1. എ. 3-ാം ഫോറം (സ്റ്റാൻഡേർഡ്-VII) പാസ്സായിരിക്കണം.

ബി. പി. എസ്. സി. നടത്തുന്ന അറ്റൻഡർ ടെസ്റ്റ് പാസ്സായിരിക്കണം. അഞ്ചു വർഷത്തെ സർവ്വീസും അറ്റൻഡർ ടെസ്റ്റും പാസ്സായവർക്ക് സ്റ്റാൻഡേർഡ് (VII) -ാം പാസ്സാകേണ്ടതില്ല.

അല്ലെങ്കിൽ

2. എ. എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായിരിക്കണം.

ബി. സെക്രട്ടേറിയറ്റിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ കുറഞ്ഞത് 3 വർഷത്തെ സേവനം ഉണ്ടായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly